## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3699

26.06.2012 ൽ മറുപടിയ്ക്ക്

# കേപ്പിന്റെ പ്രവർത്തനങ്ങളുടെ വിപുലീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. എ.എം. ആരിഫ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (എ) എഞ്ചിനീയറിംഗ്, മെഡിക്കൽ, മാനേജ്മെന്റ് തുടങ്ങിയ വിവിധ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ച് അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസത്തിനും പരിശീലനത്തിനും, ഗവേഷണത്തിനും പുരോഗതിക്കും, കൺസൾട്ടൻസിക്കും, അനുബന്ധസേവനങ്ങൾക്കും അവസരം ഒരുക്കുക എന്നതാണ് കേപ്പിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (ബി) കേപ്പിന്റെ കീഴിൽ ഇപ്പോൾ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; | (ബി) കേപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു. |

1. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പെരുമൺ
2. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കിടങ്ങൂർ
3. കോളേജ് ഓഫ് എഞ്ചിനീയറിംഗ് & മാനേജ്മെന്റ്, പുന്നപ്ര .
4. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, വടകര
5. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തലശ്ശേരി
6. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൃക്കരിപ്പൂർ
7. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പത്തനാപുരം
8. സാഗര ഹോസ്പിറ്റൽ, പുന്നപ്ര.
9. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & ടെക്

നോളജി, പുന്നപ്ര

10. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദി ബെസ്റ്റ്, പുന്നപ്ര
11. കൊച്ചിൻ മെഡിക്കൽ കോളേജ്, കൊച്ചി
12. കോളേജ് ഓഫ് നഴ്സിംഗ്, സി.എം.സി., കൊച്ചി
13. സ്കൂൾ ഓഫ് നഴ്സിംഗ്, സി.എം.സി., കൊച്ചി

(സി) സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(സി) കേപ്പിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ താഴെ കൊടുക്കുന്നു.

1. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലും തൃശ്ശൂർ ജില്ലയിലെ അത്താണിയിലും ഓരോ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു.
2. കൊച്ചിൻ മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ് സീറ്റുകളുടെ എണ്ണം 100-ൽ നിന്ന് 150 ആയി ഉയർത്താനുള്ള നടപടികൾ ആരംഭിച്ചു.
3. വിദ്യാർത്ഥികളെ ആകർഷിക്കുന്നതിലേക്ക് പാരാ മെഡിക്കൽ ഡിപ്ലോമാകോഴ്സുകളിലെ മാനേജ്മെന്റ് സീറ്റുകൾ മെറിറ്റ് സീറ്റായും ബി.എസ്.സി നഴ്സിംഗ് കോഴ്സുകളുടെ എൻ.ആർ.ഐ. സീറ്റുകൾ മാനേജ്മെന്റ് സീറ്റുകളായും മാറ്റി.
4. കൊച്ചിൻ മെഡിക്കൽ കോളേജിലെ 10 ഡിപ്പോർട്ടുമെന്റുകളിൽ എം.ഡി/എം.എസ് കോഴ്സുകൾ ആരംഭിക്കുന്നതിനായി എം.സി.ഐ അംഗീകാരത്തി നായി അപേക്ഷ സമർപ്പിച്ചു.
5. നാല് എഞ്ചിനീയറിംഗ് കോളേജുകളിൽ എം.ടെക് കോഴ്സുകൾ തുടങ്ങുന്നതിലേക്ക് എ.ഐ.സി.റ്റി.ഇ. യ്ക്ക് അപേക്ഷ സമർപ്പിച്ചു.
6. വടകര എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ എഞ്ചിനീയറിംഗിൽ അഡീഷണൽ ബാച്ച് (60 കുട്ടികൾ വീതം) തുടങ്ങാൻ എ.ഐ.സി.റ്റി.ഇ.യ്ക്ക് അപേക്ഷ നൽകിയിട്ടുണ്ട്.
7. പാരാ മെഡിക്കൽ ഡിപ്ലോമ കോഴ്സ് - ഡയാലിസിസ് ടെക്നോളജി, സാഗര ഹോസ്പിറ്റൽ, പുന്നപ്രയിൽ ആരംഭിക്കാനുള്ള നടപടികൾ

എടുത്തിട്ടുണ്ട്.

8. കൊച്ചിൻ മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ കോഴ്സുകളായ ബി.എസ്.സി(എം.എൽ.റ്റി.), ബി.എസ്.സി (ഒപ്റ്റോമെട്രി), എം.എസ്.സി (എം.എൽ.റ്റി) എന്നീ കോഴ്സുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

9. അക്കാഡമിക് നിലവാരം ഉയർത്തുന്നതിനായി എഞ്ചിനീയറിംഗ് കോളേജിൽ പി.ജിയുള്ള അദ്ധ്യാപ കരെ നിയമിക്കാൻ നടപടിയെടുത്തു.

10. കൊച്ചിൻ മെഡിക്കൽ കോളേജിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുകയും ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തു.

11. കൊച്ചിൻ മെഡിക്കൽ കോളേജിൽ നിർദ്ധനരായ രോഗികൾക്ക് ആർ.എസ്.ബി.വൈ. സ്കീം പുനഃസ്ഥാപിച്ചു.

(ഡി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. ക്ക് വിട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ഡി) ഇല്ല.
ഇക്കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

സെക്ഷൻ ഓഫീസർ